പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3196 10/12/2018-ൽ മറുപടിക്ക്

സ്കൂളുകളുടെ ലയനം

**ചോദ്യം**

ശ്രീ. പി.കെ. ബഷീർ:
ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്:

(എ) സെക്കന്ററി, ഹയർ സെക്കണ്ടറി വിഭാഗങ്ങൾ ഒരു ഡയറക്ടറേറ്റിന് കീഴിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിനായി നാളിതുവരെയായി ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) ഏതെങ്കിലും പഠനത്തിന്റെയോ, റിപ്പോർട്ടിന്റെയോ അടിസ്ഥാനത്തിലാണോ ഈ രീതി കൊണ്ടു വരുന്നതെന്ന് വ്യക്തമാക്കാമോ; പഠന റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണ്; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ സംവിധാനം നിലവിൽ വന്നാൽ സെക്കന്ററി, ഹയർ സെക്കണ്ടറി മേഖലയിൽ ജോലി ചെയ്ത് വരുന്ന അദ്ധ്യാപകരുടെ ജോലി ഘടനയിൽ ഉണ്ടാകാൻ പോകുന്ന മാറ്റങ്ങൾ വിശദമാക്കാമോ;

(ഡി) ലയനം എപ്പോൾ ഏത് രീതിയിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്, തന്മൂലം ഹൈസ്കൂൾ, ഹയർ സെക്കണ്ടറി അദ്ധ്യാപക തസ്തികകൾ നഷ്ടപ്പെടുന്നതിനോ കാലക്രമേണ കുറവ് വരുന്നതിനോ സാധ്യതയുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ലയനം നടപ്പിലാക്കുമ്പോൾ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സീനിയർ ജൂനിയർ അദ്ധ്യാപക തസ്തികകൾ, പൊതുവിദ്യാഭ്യാസ-ഹയർ സെക്കണ്ടറി വകുപ്പുകളിലെ സ്റ്റാഫുകളുടെ സീനിയോറിറ്റി, പുനർവിന്യാസം ഇവ എങ്ങനെയാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത് വ്യക്തമാക്കുമോ?

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) യും (ബി) യും (സി) യും (ഡി) യും (ഇ) യും

2009-ലെ വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കുന്നതിനാവശ്യമായ പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഡോ. എം.എ ഖാദർ ചെയർമാനായ ഒരു മൂന്നംഗ വിദഗ്ധ സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട് മറ്റു പല നിർദ്ദേശങ്ങളോടൊപ്പം 12-ാം ക്ലാസുവരെയുള്ള വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കാനുതകും വിധം ഘടനാപരമായ മാറ്റം ഉൾപ്പെടെ എല്ലാ വശങ്ങളും പഠിച്ച് നിർദ്ദേശിക്കുന്നതിനായി ടി സമിതിയ്ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ